കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അത്തോളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2013-14,2014-15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:........................................

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി13/415/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
കോഴിക്കോട് ജില്ല
തീയതി.31.03.2016.

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന.

അത്തോളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്ത് - 2013-14,2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി13/415/16 തീയതി.31.03.2016.

**<u>കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-12-2013 മുതൽ 12-02-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.ബി.സുരേന്ദ്രൻ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-02-2016 മുതൽ 26-02-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ആർ.രാജീവ്.എ.ഒ.(ഹ.ഗ്രേ.)<br>ശ്രീ പി.ഉണ്ണികൃഷ്ണൻ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജയകുമാർ പാലോളി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ എൻ .രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>എം.ഡി അനിൽ കുമാർ. ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രമ പാലോത്ത് | 01-04-2013 മുതൽ 31-03-2015 വരെ |
| സെക്രട്ടറി | ശ്രീ.മോഹനൻ.പി. | 01-04-2013 മുതൽ 17-07-2013 വരെ |

| | | |
|---|---|---|
| | ശ്രീ കെ.പി.ബാലൻ | 18-07-2013. മുതൽ 06-06-2014 വരെ |
| | ശ്രീ.വി.കെ.മുരളി | 07-06-2014 മുതൽ 11-06-2014. വരെ |
| | ശ്രീ.പ്രസന്നകുമാർ.കെ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ്) | 12-06-2014 മുതൽ 20-06-2014 വരെ |
| | ശ്രീ.അജിത്ത് കുമാർ.കെ.കെ. | 21-06-2014 മുതൽ 31-03-2015 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രസന്നകുമാർ | 30-04-2013 മുതൽ 31-03- 2015 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.അൻവർ സാദത്ത് | 01-04-2013 മുതൽ 09-07-2014 വരെ |

| | | |
|---|---|---|
| | | |
| ടി. | ഡോ.രോഷിണി.പി.ടി. | 13-08-2014 മുതൽ 31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.പ്രഷീല | 01-04-2013മുതൽ 31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എം.പ്രേമചന്ദ്രൻ | 01-04-2013 മുതൽ 05-07-2014 വരെ |
| ടി. | ഡോ.എ.ജി.അജിത്ത് കുമാർ | 07-07-2014മുതൽ 31-03-2015 വരെ |
| വെറ്ററിനറി സർജൻ. | ഡോ.പ്രിയ.കെ.നായർ | 01-04-2013 മുതൽ 31-03-2015 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു.ആർ | 01-04-2013 മുതൽ 31-03-2015 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സൂരജ്.പി.ജി. | 01-04-2013 മുതൽ 31-03-2015 വരെ |
| ഹെഡ് മാസ്ററർ | ശ്രീ.കെ.വി.അബ്ദുള്ളകോയ (ജി.എം.യു.പി.എസ്.വേളുർ) | 01-04-2013 മുതൽ 31-03-2014 വരെ |
| ടി | ശ്രീ.ശ്രീധരൻ മാസ്ററർ (ജി.എം.യു.പി.എസ്.വേളുർ) | 01-04-2014 മുതൽ 07-06-2014വരെ |
| ടി | ശ്രീ.വിജയൻ.എം.വി. (ജി.എം.യു.പി.എസ്.വേളുർ) | 08-06-2014 മുതൽ 31-03-2015 വരെ |
| ഐ.സി.ഡി.എസ് സുപ്പർവൈസർ | ശ്രീമതി.ഗീതാ കുമാരി. | 01-04-2013മുതൽ 31-03-2015 വരെ |
| വി.ഇ.ഒ | ശ്രീ.ഷാജു ബി | 01-04-2013മുതൽ 31-03-2015 വരെ |

## <u>ഉള്ളടക്കം</u>

| ക്രമ നം | <u>**ഭാഗം 1 – പൊതു അവലോകനം**</u> | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | 5 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | 5 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | 5 |
| 4 | സാമ്പത്തിക വിശകലനം | 1-4 | 5 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 5 |
| 6 | പദ്ധതി അവലോകനം. | 1-6 | 6 |
| 7 | തനത് വരുമാനം. | 1-7 | 6 |
| 8 | ക്ഷേമപദ്ധതികൾ | 1-8 | 7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | 7 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | 8 |

| | | | |
|---|---|---|---|
| | **ഭാഗം-2**<br>**വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 11 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-1 | 8 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 2-2 | 9 |
| | **ഭാഗം-3**<br>**ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 13 | ചോയികുളം പുള്ളില്ലാമല റോഡ് ടാറിംഗ്- എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തി- കരാറുകാരന് അധിക തുക നൽകി. | 3-1 | 9 |
| 14 | പൂക്കോട് - കൊളക്കാട് കള്ളി റോഡ്- ടെൻഡർ കുറവ് കുറച്ചില്ല | 3-2 | 11 |
| 15 | ചിറപ്പുരുത് വയൽ അമ്പലമുക്ക് ചെരുപുല്ലേരി റോഡ്- നിർമ്മാണം വൈകിയതിന് പിഴ ഈടാക്കിയില്ല. | 3-3 | 12 |

| | | | |
|---|---|---|---|
| 16 | വെള്ളക്കരം കൃത്യമായി അടവാക്കാത്തതിനാൽ ഫൈൻ അടവാക്കിയതുവഴി പഞ്ചായത്തിന് നഷ്ടം | 3-4 | 13 |
| 17 | പുതിയോട്ടിൽ താഴെ റോഡ്- കപാറിമക്കിന്റെ ആവശ്യകത വ്യക്തമല്ല | 3-5 | 13 |
| 18 | പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ വിതരണരേഖകൾ ഹാജരാക്കിയില്ല, സബ്സിഡി മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല | 3-6 | 14 |
| 19 | നടീൽ വസ്തുക്കൾ ടെണ്ടർ നടപടികൾകൂടാതെ കെയ്കോവിൽ നിന്നും വാങ്ങി. | 3-7 | 14 |
| 20 | ഗുണഭോക്തൃസമിതി നിർമ്മാണ പ്രവൃത്തി മാർഗരേഖ പാലിക്കുന്നില്ല. | 3-8 | 15 |
| 21 | ഐ.എ.വൈ. വിഹിതം-വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല വി.ഇ.ഓ. | 3-9 | 16 |
| 22 | സിഡ്കോ നൽകുന്ന ബിറ്റുമിന്റെ വില- സർക്കാർ ഉത്തരവ് പ്രകാരമുള്ളതാണെന്ന് പരിശോധനയിൽ വ്യക്തമാകുന്നില്ല | 3-10 | 16 |

| | | | |
|---|---|---|---|
| 23 | ഹോമിയോ മരുന്ന് വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-11 | 16 |
| 24 | ആശ്രയ പദ്ധതി നടത്തിപ്പിലെ അപാകതകൾ : | 3-12 | 17 |
| 25 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം | 3-13 | 17 |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 19 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 19 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | 20 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | 20 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 20 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | 21 |

| | | | |
|---|---|---|---|
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | 21 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 21 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | 23 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14വർഷത്തെ ബജറ്റ് 27-03-2013 തിയതിയിലെ 1/2013 തീരുമാനപ്രകാരവും 2014-15ബജറ്റ്28-02-2014 തിയതിയിലെ 43നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 2013-14 | 28-05-2014 | 23-07-2014 | 04-08-2014 |
| 2014-15 | 23-05-2015 | -------- | --------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 06-08-2014 | നംഎൽ.എഫ്.കെ.കെ.ഡി.എഫ്2/1357/17.9.2014 |
| 2014-15 | 14-10-2015 | നംഎൽ.എഫ്.കെ.കെ.ഡി.എഫ്2/1924/15 തീയതി:28.12.15 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2013-13 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 23221779 | 16498705 |
| വരവ് | 62779713 | 73658116 |
| ആകെ | 86001492 | 90156821 |
| ചെലവ് | 69502787 | 67573463 |
| നീക്കിയിരിപ്പ്- | 16498705 | 22583358 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വർഷം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2013-14 | 1316704 | 8832000 | 13479141 | 8965439 | 1017070 | 66.51 |
| | 2014-15 | 1017070 | 7865000 | 9782070 | 8174532 | 1607538 | 83.5 |
| വികസനഫണ്ട് എസ്.സി.പി. | 2013-14 | 5624074 | 6897000 | 12521074 | 9032095 | 3488979 | 72.15 |
| | 2014-15 | 3488979 | 7803000 | 11291979 | 4488783 | 6803196 | 39.75 |
| വികസനഫണ്ട് ടി.എസ്.പി. | 2013-14 | --- | ---- | ------ | --- | ---- | --- |
| | 2014-15 | ---- | ---- | ---- | ---- | ---- | ---- |
| സംരക്ഷണഗ്രാന്റ് റോഡ് | 2013-14 | 1995905 | 5965000 | 7960905 | 7479006 | 481899 | 93.94 |
| | 2014-15 | 481899 | 6976000 | 7457899 | 7118899 | 339000 | 95.45 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2013-14 | 970338 | 1988000 | 2958338 | 2369302 | 589036 | 80.08 |
| | 2014-15 | 589036 | 3243000 | 3832036 | 2967877 | 864159 | 77.44 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2013-14 | 700685 | 4265374 | 4966059 | 4276896 | 689163 | 86.12 |
| | 2014-15 | 689163 | 6408199 | 7097362 | 4769635 | 2327727 | 67 |
| പെർഫോമൻസ് ഗ്രാന്റ് | 2013-14 | 2541518 | ---------- | 2541518 | 1527299 | 1014219 | 60 |
| | 2014-15 | 1014219 | 2771000 | 3785219 | 856482 | 2928737 | 22.62 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2013-14 | 79359 | 17723570 | 17802929 | 17715387 | 87542 | 99.50 |
| | 2014-15 | 87542 | 12851845 | 2939387 | 12852489 | 86898 | 99.32 |
| ബി ഫണ്ട് | 2013-14 | --- | 13904277 | 13904277 | 13904277 | ----- | **100** |
| | 2014-15 | ---- | 21236890 | 21236890 | 21236890 | ------- | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2013-14 | 173 | 85704658 | 118 | 39946547 | 25 | 55 | 68 |
| 2014-15 | 196 | 83565473 | 136 | 35658512 | 34 | 60 | 69 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2013-14

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2798335 | 3350443 | 552108 | (+)20 |
| നികുതിയേതര വരവുകൾ | 523571 | 691384 | 167813 | (+)32 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 6699186 | 6405706 | 293480 | (-)4 |
| ആകെ | 10021092 | 10447533 | 426441 | (+)4 |

2014-15

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3350443 | 4676210 | 1325767 | (+)40 |
| നികുതിയേതര വരവുകൾ | 691384 | 727223 | 35839 | (+)5 |
| മറ്റുവരവുകൾ | 6405706 | 7512429 | 1106723 | (+)17 |
| ആകെ | 10447533 | 12915862 | 2468329 | (+)24 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തൊഴിൽരഹിത വേതനം | 2013-14 | 287040 | 395 |
| | 2014-15 | 579360 | 417 |
| കർഷകതൊഴിലാളി പെൻഷൻ | 2013-14 | 2494502 | 514 |
| | 2014-15 | 3965954 | 534 |
| വിധവാപെൻഷൻ | 2013-14 | 6962133 | 968 |

| | | | |
|---|---|---|---|
| | 2014-15 | 7713872 | 988 |
| വാർദ്ധക്യകാലപെൻഷൻ | 2013-14 | 597205 | 809 |
| | 2014-15 | 5753374 | 1078 |
| വികലാംഗപെൻഷൻ | 2013-14 | 2577306 | 277 |
| | 2014-15 | 2479497 | 288 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2013-14 | 643795 | 81 |
| | 2014-15 | 595225 | 87 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2013-14 | 300000 | 10 |
| | 2014-15 | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-02-2016 10-30 എ.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18223/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-04-2015മുതൽ 10-04-2015 വരെ | 2014-15 | 15-06-2015 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-11-2002 | 1997-98മുതൽ 2001-02വരെ | 29-11-2004 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1.തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 14.02.2011 ലെ (എം.എസ്) 36/11/പൊ.വി.നം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ മിനിമം ശമ്പളം 01.11.2011 മുതൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ അപ്രകാരത്തിലുള്ള നിരക്കിൽ സ്കൂൾ ജീവനക്കാർക്ക് വേതനം നൽകിയതായി റിട്ടേണിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.ഇ.എസ് എ.എ.ആർ.എം.സി സ്കൂൾ, ഇലാഹിയ ഇംഗ്ലീഷ് സ്കൂൾ അത്തോളി, കാലിക്കറ്റ് ഇന്റർനാഷണൽ സ്കൂൾ എന്നിവർ തൊഴിൽ നികുതി അപേക്ഷ സമർപ്പിച്ചതിൽ സർക്കാർ നിശ്ചയിച്ച അടിസ്ഥാന ശമ്പളം ലഭിക്കാത്ത അധ്യാപക ജീവനക്കാർ ഉള്ളതായി കാണുന്നു. സ്കൂൾ അധികാരികൾ സമർപ്പിച്ച റിട്ടേൺ പ്രകാരമുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തൊഴിൽനികുതി താഴെ കൊടുക്കുന്നു.

2013 - 14

| സ്കൂൾ | തസ്തിക/എണ്ണം | അടവാക്കിയ നികുതി/എണ്ണം |
|---|---|---|
| എംഇഎസ് എഎആർഎംസി സ്കൂൾ | ടീച്ചർ - 10 | 180 x 10 |

| | | |
|---|---|---|
| ഇലാഹിയ ഇംഗ്ളീഷ് സ്കൂൾ അത്തോളി | ടീച്ചർ - 10 | 180 x 18 |
| കാലിക്കറ്റ് ഇന്ററർനാഷണൽ സ്കൂൾ | ടീച്ചർ - 5 | 180 x 5 |

2.<u>തൊഴിൽ നികുതി ഈടാക്കിയില്ല.</u>

ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന കരാറുകാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയതായി എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം വ്യക്തമാവുന്നു. എന്നാൽ ഈ കരാറുകാരിൽ നിന്നും റിട്ടേൺ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| നം | കരാറുകാരുടെ പേര് |
|---|---|
| 1 | പി.സുഗുണൻ,പുളിക്കൂൽ |
| 2 | രമേശ് ബാബു. വി കെ |
| 3 | വിശ്വനാഥൻ.കെ |
| 4 | മനോജ് കുമാർ.സി കെ |
| 5 | റഫീഖ്.പി |
| 6 | ജ്യോതി പ്രകാശ് |
| 7 | അനിൽകുമാർ.സി കെ |
| 8 | ഒ കെ.മോഹനൻ |
| 9 | ശശീന്ദ്രൻ.ഇ |
| 10 | ആനന്ദൻ.കെ |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരം പരാമർശിക്കപ്പെട്ട സ്കൂളുകൾക്ക് ഉടൻതന്നെ നോട്ടീസ് നൽകുന്നതാണെന്നും കരാറുകാരിൽ നിന്നും തൊഴിൽനികുതി ഇൗടാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരിൽനിന്നും നികുതി ഈടാക്കേണ്ടതും തെറ്റായ തൊഴിൽനികുതിനികുതി റിട്ടേൺ സമർപ്പിച്ച സ്കൂളുകളിൽ നിന്നും പുതിയ റിട്ടേൺ സ്വീകരിച്ച് നികുതി ഈടാക്കേണ്ടതുമാണ്.

## 2-2 വാർഷിക കണക്കിലെ അപാകതകൾ

2014-15 വർഷ വാർഷിക കണക്കുകളിൽ നമ്പർ കെ.എസ്.എ. കെ.കെ.ഡി. എഫ്2/1924/15 തീയതിഃ 28.12.15 സാക്ഷ്യപത്ര പ്രകാരം ചൂണ്ടിക്കാണിച്ച താഴെ പറയുന്ന ന്യൂനതകൾ നാളിതുവരെയായും പരിഹരിച്ചിട്ടില്ല.

1. ജീവനക്കാരുടെ തൊഴിൽനികുതി കുടിശ്ശികയായി രജിസ്റ്ററിൽ ചേർത്ത 2,66,170 രൂപ ബാലൻസ് ഷീറ്റിൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

3. വികസന ഫണ്ട് 4,8 ഗഡുക്കളെലൽ സ്രോതസ്സിൽ നിന്നും ഇലക്ട്രോണിക് വോട്ടിങ് മെഷീനുവേണ്ടി കുറവ് ചെയ്ത 9,00,000 രൂപയുടെ വരവ് ചെലവുകൾ റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഇ.എഫ്.എം.എസ് വഴി നടന്ന ഇടപാടുകൾ റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ടിൽ ബുക്ക് ചെയ്തിട്ടില്ല.

5. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി അടവാക്കിയ എൈ.ടി, വാറ്റ്, ഡബ്ല്യു.ഡബ്ല്യു.എഫ് എന്നിവ വാർഷിക കണക്കിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3 -1 ചോയിക്കുളം പുള്ളില്ലാമല റോഡ് ടാറിംഗ്- എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തി- കരാറുകാരന് അധിക തുക നൽകി.

ചോയികുളം പുള്ളില്ലാമല റോഡ് ടാറിംഗ് എം ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി, 24.02.2016 ന് ഓഡിറ്റ് ടീം, ഓവർസിയറായ ശ്രീമതി രതിഭായിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ അളവുകളിൽ വ്യത്യാസം കാണുകയുണ്ടായി. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരം താഴെ ചേർക്കുന്നു.

പ്രൊജക്ട്- ചോയികുളം പുള്ളില്ലാമല റോഡ് ടാറിംഗ്

പ്രൊജക്ട് നം- 136/14; (153/13)

അടങ്കൽ- 971751 (സംരക്ഷണ ഗ്രാന്റ്- റോഡ്)

സാങ്കേതികാനുമതി- RBB/PIB-02/13 dtd 26.12.2012 (Rs. 8,29,000)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

കരാറുകാരൻ- ശ്രീ വി കെ ചെക്കുട്ടി

കരാർ നം.- 31/12-13 തി. 6.02.2013

ബിൽ നം- (N A)തി02.02.2013 Rs 205,383; 2/13-14തി. 10.06.2013 രൂപ609292

എം ബുക്ക് നം- 84/11-12

പ്രവൃത്തി മൂല്യം- 798,786രൂപ

ഈ റോഡ് 453 മീറ്റർ മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. 00/00- 00/453 വരെയാണ് ചെയിനേജ്. കരാറുകാരൻ ശ്രീ വി കെ ചെക്കുട്ടി ടെൻഡറിൽ 0.1% കുറവു വരുത്തിയാണ് പ്രവൃത്തി ഏറ്റെടുത്തത്. 2012-13 വർഷത്തിൽ തുടങ്ങിയ പ്രവൃത്തി 2013- 14 വർഷത്തിലാണ് പൂർത്തിയാക്കിയത്.

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തിയും, സ്ഥല പരിശോധനയിൽ കണ്ടെത്തിയ അളവും തമ്മിലുള്ള വ്യത്യാസം ചുവടെ കൊടുക്കുന്നു

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി | | | | | | പരിശോധനയിൽ കണ്ടെത്തിയ അളവ് | | | | |
| ക്രമ നം | ഇനം നം | ചെയ്ത പ്രവൃത്തി | | | അളവ് | നിരക്ക് | തുക | അളവ് | | | തുക | കുറിപ്പുകൾ |
| 1 | 3 | മെറ്റലിംഗ് | | | | | | | | | | |
| | | L | B | D | | | | | | | | |
| | | 20 | 3.05 | | 61.00 | | | 28 | 3.00 | 84.0 | | |
| | | 30 | 3.05 | | 91.50 | | | 30 | 2.55 | 76.5 | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 30 | 3.05 | | 91.50 | | | 30 | 2.75 | 82.5 | | |
| | | 30 | 3.05 | | 91.50 | | | 30 | 2.77 | 83.1 | | |
| | | 30 | 3.05 | | 91.50 | | | 30 | 3.00 | 90.0 | | |
| | | 30 | 3.10 | | 93.00 | | | 30 | 3.00 | 90.0 | | |
| | | 30 | 3.10 | | 93.00 | | | 30 | 3.00 | 90.0 | | |
| | | 30 | 3.15 | | 94.50 | | | 30 | 3.00 | 90.0 | | |
| | | 30 | 3.15 | | 94.50 | | | 30 | 3.00 | 90.0 | | |
| | | 30 | 3.15 | | 94.50 | | | 30 | 3.00 | 90.0 | | |
| | | 30 | 3.15 | | 94.50 | | | 30 | 3.00 | 90.0 | | Limited to estimate 1405 M2 |
| | | 30 | 3.15 | | 94.50 | | | 30 | 3.00 | 90.0 | | |
| | | 30 | 3.15 | | 94.50 | | | 30 | 3.00 | 90.0 | | |
| | | 30 | 3.10 | | 93.00 | | | 30 | 3.00 | 90.0 | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 30 | 3.10 | | 93.00 | | | 30 | 3.00 | 90.0 | | |
| | | 13.90 | 3.10 | | 43.09 | | | 5.9 | 3.00 | 17.7 | | |
| | Total | 453.90 | | | 1409.09M2 (1405 M2) | 842/10 m2 | 118301.00 | 453.9 | | 1333.80 | 112305.96 | |
| 2 | 1 | Collection 36 mm | | | 140.50 M3 | 1458/M3 | 204849.00 | 133.38 M3 | | | 194468.04 | |
| 3 | 2 | Red Earth | | | 21.08 M3 | 447/M3 | 9422.76 | 20.01 | | | 8944.47 | |
| 4 | 4 | Collection 12 mm | | | 37.94 M3 | 2128/m3 | 80736.32 | 36.01 | | | 76629.28 | |
| 5 | 5 | Collection 6mm | | | 12.65 M3 | 1787/m3 | 22605.55 | 12.00 | | | 21444.00 | |
| 6 | 6 | Chipping Carpet | | | 1405 M2 | 1933/10m2 | 271586.00 | 1333.8 | | | 257823.54 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 7 | Earth work exc. | 12.50 M3 | 1452/10m3 | 1819.36 | 12.50 | 1819.36 | |
| 8 | 8 | DR Masonry | 20.99 M3 | 1947/m3 | 40867.53 | 20.99 | 40867.53 | |
| 9 | 9 | RR Masonry | 1.58 M3 | 3725/m3 | 5885.50 | 1.58 | 5885.50 | |
| 10 | 10 | CC 1:3:6 | 3.472 M3 | 83.8/dm3 | 29095.36 | 3.472 | 29095.36 | |
| 11 | 11 | CC 1:11/2:3 | 0.851 M3 | 97.3/dm3 | 8280.23 | 0.851 | 8280.23 | |
| 12 | 12 | Reenforcemnt for RCC | 84.18 Kg | 7290/qnt | 6136.72 | 84.18 | 6136.72 | |
| | | Total | | | 799585.83 | | 763699.99 | |
| | | Less 0.1% below | | | 800.00 | | 764.00 | |
| | | | | | 798785.83 | | 762935.99 | |
| | | അധികം നൽകിയ തുക | | | | | 35850 | |

35,850 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഉള്ള അളവിനേക്കാൾ കൂടുതൽ അളവ് എം ബുക്കിൽ രേഖപ്പെടുത്തിയതിനും, കരാറുകാരന് കൂടുതൽ തുക അനുവദിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(13/25.02.2016)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക അളവെടുത്ത അസിസ്റ്റന്റ് എൻജിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3 - 2 പൂക്കോട് - കൊളക്കാട് കള്ളി റോഡ്- ടെൻഡർ കുറവ് കുറച്ചില്ല;

പ്രൊജക്ട്- പൂക്കോട് - കൊളക്കാട് കള്ളി റോഡ്-

പ്രൊജക്ട് നം- 52/14

അടങ്കൽ- 2,50,000 (സംരക്ഷണ ഗ്രാന്റ്- റോഡ്)

സാങ്കേതികാനുമതി- AEE/PBP/184/13-14 dtd. 27.08.2013

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ.

കരാറുകാരൻ- പി സുഗുണൻ

കരാർ നം.- 43/13-14 തി. 15.11.2013

ബിൽ നം.- 33/13-14 (Vol-II)തി. 26.03.2014 177296 രൂപ

9/13-14 (Vol-II) തി 03.02.2014 72675 രൂപ

എം ബുക്ക് നം- 91/13-14

പ്രവൃത്തി മൂല്യം- 238,273.72

മേൽപ്പറഞ്ഞ സോളിംഗ് കഴിഞ്ഞത് മെറ്റലിംഗും ടാറിംഗും ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.

18.10.2013 ൽ നടന്ന ടെൻഡറിൽ ശ്രീ പി സുഗുണൻ 3.1 % കുറച്ചാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കരാർ വെച്ചത്.(ടെൻഡർ രജിസ്റ്റർ പേജ് നം. 25)എന്നാൽ ബിൽതുക നൽകിയപ്പോൾ 2.1 % കുറച്ചതായാണ് കാണുന്നത്. കൂടാതെ, കരാറുകാരന് 8 ബാരൽ ടാർ (161.8 kg/ barrel) 1294.4 കി ഗ്രാം നൽകിയിട്ടുമുണ്ട്. എന്നാൽ 1248 കി ഗ്രാം ടാറിന്റെ വില മാത്രമേ ഈടാക്കിയുള്ളു. വിശദ വിവരം ചുവടെ :-

| ക്രമ നം | ഇനം | ഈടാക്കിയ തുക | ഇനം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | പ്രവൃത്തി മൂല്യം | 238,273.72 | പ്രവൃത്തി മൂല്യം | 238,273.72 |
| | ടെൻഡർ കുറവ് 2.1 % | 5004.00 | ടെൻഡർ കുറവ് 3.1 % | 7386.48 |
| | കുറച്ച തുക | 233,270.00 | കുറച്ച തുക | 230,887.00 |
| | കുറക്കുക- ബിറ്റുമിൻ വില- 1248 kg@44.058/kg (SOR) | 54,984.00 | കുറക്കുക- ബിറ്റുമിൻ വില- 1294.4 kg@ 44.058/kg (SOR) | 57,029.00 |
| | കാലി ബാരൽ വില- (8X123.75) | 990.00 | കാലി ബാരൽ വില- (8X123.75) | 990.00 |
| | വാറ്റ്- 3% of 233,270 | 6998.00 | വാറ്റ്- 3% of 230,887 | 6927.00 |
| | നി തൊ.ക്ഷേമ നിധി @1% | 2333.00 | നി തൊ.ക്ഷേമ നിധി @1% | 2309.00 |
| | ആദായ നികുതി @1% | 2333.00 | ആദായ നികുതി @1% | 2309.00 |
| | ആകെ കുറക്കുക | 67,638.00 | ആകെ കുറക്കുക | 69564.00 |

| | | | | |
|---|---|---|---|---|
| | ബിൽ തുക | 165,632.00 | ബിൽ തുക | 161,323.00 |

കരാറുകാരന് 161,323 രൂപ നൽകേണ്ടതിന് പകരം 1,65,632 രൂപ നൽകിയിട്ടുണ്ട്. 4309 രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.2 തി. 16.02.2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 4309 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3 - 3 ചിറപ്പുറത്ത് വയൽ അമ്പലമുക്ക് ചെറുപുല്ലേരി റോഡ്- നിർമ്മാണം വൈകിയതിന് പിഴ ഈടാക്കിയില്ല.

പ്രൊജക്ട്- ചിറപ്പുറത്ത് വയൽ അമ്പലമുക്ക് ചെറുപുല്ലേരി റോഡ്

പ്രൊജക്ട് നം- 151/14; (181/13)

അടങ്കൽ- 6,00,000 (തനത് ഫണ്ട്)

സാങ്കേതികാനുമതി- AEE/PLY/ATY/47-12-13- dtd. 17.12.2012

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ.

കരാറുകാരൻ- ശ്രീ പി ചന്ദ്രൻ

കരാർ നം.- 56/12-13 തി. 5.03.2013

ഡി ഡി നം- 1336467 തി. 9.12.2014; 597620രൂപ

എം ബുക്ക് നം- 270

പ്രവൃത്തി മൂല്യം- 597620രൂപ

പി എ സി- 599,489രൂപ

റോഡിന്റെ പാർശ്വഭിത്തി കെട്ടുന്നതിനും, കെട്ടിന്റെ മുകളിൽ സി സി ബെൽറ്റ് വാർക്കുന്നതിനും, മണ്ണ് ഫില്ലിംഗ്, സോളിംഗ്, കല്ല് പതിക്കൽ എന്നീ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി 15.01.2013-ന് ടെൻഡർ ക്ഷണിക്കുകയും കരാറുകാരൻ ശ്രീ പി ചന്ദ്രൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. 15.01.2013-ന് ടെൻഡർ സ്വീകരിച്ചെങ്കിലും 05.03.2013 നാണ് കരാർ ചമച്ചത്.സൈറ്റ് കരാറുകാരന് കൈമാറിയതിന്റെ രേഖ ഫയലിൽ ഇല്ല.

കരാറുകാരൻ പ്രവൃത്തി ചെയ്യാൻ തുടങ്ങിയത് 24.03.2013 നാണ്. (എം ബുക്ക് പ്രകാരം) പ്രവൃത്തി പൂർത്തിയാക്കിയത് 28.11.2013 നാണ്. പണി പൂർത്തിയാക്കേണ്ട അവസാന തിയ്യതി കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, ഏകവർഷ പ്രൊജക്ടായാണ് പദ്ധതി നടപ്പാക്കുന്നത്. സാമ്പത്തിക വർഷത്തേക്കാണ് കരാർ എന്നതിനാൽ 31.03.2013 ന് പദ്ധതി അവസാനിക്കുന്നതാണ്.

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ (ജി ഒ (പി)13/2012/PWD/01.02.2012 )പ്രകാരം ടെൻഡർ സ്വീകരിച്ച് രേഖാമൂലമുള്ള അറിയിപ്പ് നൽകി 14 ദിവസത്തിനുള്ളിൽ കരാർ ചമക്കേണ്ടതും സൈറ്റ് കൈമാറ്റം ചെയ്യേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ 1% പിഴയോട്കൂടി കരാർ വെയ്ക്കാം. അതിനുള്ളിലും കരാർ വെച്ചിട്ടില്ലെങ്കിൽ കരാർ റദ്ദാക്കണം. മുകളിൽ പറഞ്ഞ മാനുവൽ 2112-1 പ്രകാരം, പൂർത്തീകരണ കാലാവധിക്കകം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. കൂടാതെ കരാറിന് 7-ാം നമ്പറായി നിർമ്മാണം കാരണം കൂടാതെ വൈകിയാൽ പിഴ ഇൗടാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, 31.03.2013 ന് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി 28.11.2013 നാണ് പൂർത്തിയാക്കിയത്. കാലതാമസം നേരിടുന്നതിന്റെ കാരണം രേഖപ്പെടുത്തുകയോ കരാറുകാരൻ സമയം നീട്ടി നൽകാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. നിർമ്മാണം വൈകി പൂർത്തിയാക്കിയതിന് കരാരുകാരനിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയില്ല. പിഴ താഴെ പറയും പ്രകാരമാണ്.

നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്ന തിയ്യതി. 31.03.2013

പൂർത്തിയാക്കിയ തിയ്യതി- 28.11.2013

വൈകിയ കാലയളവ്- 7 മാസം 27 ദിവസം.

പിഴ ആദ്യത്തെ 3 മാസം-(01.04.2013- 30.06.2013) 599,489 x 1/100= 5995

തുടർന്നുള്ള 3 മാസം-(01.07.2013-30.09.2013) 2% 599,489 x 2/100= 11990

തുടർന്നുള്ള 58 ദിവസം (01.10.2013- 27.11.2013)2% 599,489 x 2/100x58/90= 7727

ആകെ 25712

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5തി 17.02.2016 നുള്ള മറുപടിയിൽ അവസാന ഘട്ടത്തിൽ ടെൻഡർ ചെയ്ത പ്രവൃത്തിയായതിനാലും, ചിറപ്പുറത്ത് ശിവക്ഷേത്രിലെ ഉത്സവം ഫെബ്രുവരി- മാർച്ച് മാസത്തിലാണ് നടക്കാറുള്ളതെന്നും, ഓഫീസിലെ ജീവനക്കാരുടെ കുറവും ആണ് എടുത്തു പറഞ്ഞത്. എന്നാൽ, നിർമ്മാണം വൈകാനുണ്ടായ കാരണത്തെക്കുറിച്ച് കരാരുകാരന് മുകളിൽ പറഞ്ഞ സാഹചര്യത്തിലും അപേക്ഷ കൊടുക്കാൻ കഴിയുമായിരുന്നു. അതിനാൽ നിർമ്മാണം വൈകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിഴയിനത്തിൽ 25,712 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3 - 4 വെള്ളക്കരം കൃത്യമായി അടവാക്കാത്തതിനാൽ ഫൈൻ അടവാക്കിയതുവഴി പഞ്ചായത്തിന് നഷ്ടം

2013 ഏപ്രിൽ മാസം മുതൽ 2014 ജനുവരി വരെയുള്ള കാലയളവിലെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് കൃത്യമായി ബിൽ തുക അടവാക്കാത്തതിനാൽ കുടിശ്ശികയും ഫൈനും അടക്കം 1,85,613 രൂപ (വൗച്ചർ നം-21300833 തീയ്യതി 31-01-2014 )പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.

പ്രസ്തുത തുകയിൽ 55,326/- രൂപ മുൻ ബാക്കിയും,1,07,920/- രൂപ വെള്ളക്കരവും , 18,939 രൂപ പ്രസ്തുത കാലയളവിലെ പിഴപലിശയുമാണ്. യഥാസമയം വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ ലഭിച്ചിട്ടും ബിൽതുക അടവാക്കാത്തതിനാലാണ് വൻതുക പിഴപലിശയായി അടവാക്കേണ്ടി വന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23.02.2016 ലെ 9-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് സമർപ്പിച്ച മറുപടിയിൽ നിന്നും 1/2012 മുതൽ 3/2013 വരെയുള്ള കാലയളവിലെ പലിശ ഉൾപ്പെടെയുള്ള വെള്ളക്കരമിനത്തിൽ 1,33,403/- രൂപ 2012-13 ലെ ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റി ഇൗടാക്കിയിട്ടും തുടർ മാസങ്ങളിലും വെള്ളക്കരം കൃത്യമായി അടവാക്കാഞ്ഞതായി കാണുന്നു. കൂടാതെ കൃത്യസമയത്ത് വെള്ളക്കരം അടവാക്കാത്തത് സംബന്ധിച്ചും 2012-13 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നിട്ടും വെള്ളക്കരം അടവാക്കാതെ പിഴപലിശ അടവാക്കിയത് പഞ്ചായത്തിന്റെ വീഴ്ചയാണ്. പിഴപലിശയായി അടവാക്കിയ 18,939/- രൂപ യഥാസമയം വെള്ളക്കരം അടവാക്കുന്നതിൽ വീഴ്ചവരുത്തിയ സെക്ഷൻ ക്ലാർക്ക്, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്ല്യമായി ഈടാക്കേണ്ടതാണ്. ചെലവ് തുക 18,939/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3 - 5 പുതിയോട്ടിൽ താഴെ റോഡ്- കഹാറിമക്കിന്റെ ആവശ്യകത വ്യക്തമല്ല..

പ്രൊജക്ട്- പുതിയോട്ടിൽ താഴെ റോഡ്

പ്രൊജക്ട് നം- 71/14;

അടങ്കൽ- 3,25,,000 (തനത് ഫണ്ട്-32,500; ധനകാര്യകമ്മിഷൻ ഗ്രാന്റ്-292,500)

സാങ്കേതികാനുമതി- AEE/PBP/2013-14/ dtd. 23.09.2013

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ.

കരാറുകാരൻ- ശ്രീ.ഷമേജ് .ടി

കരാർ നം.- 41/13-14 തി. 15.11.2013

ബിൽ നം- 12/13-14 (Vol-2)തി. 27.03.2014; 281,775രൂപ

എം ബുക്ക് നം- 84

പുതിയോട്ടിൽ താഴെ റോഡ്, കുത്തനെയുള്ള വെള്ളത്തിന്റെ ഒഴുക്കും, റോളർ കയറാത്തതിനാലും കോൺക്രീറ്റ് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുക എന്നാണ് എസ്റ്റിമേറ്റിൽ പറഞ്ഞത്. ഡിറ്റൈൽഡ് എസ്റ്റിമേറ്റ് പ്രകാരം, ചെയിനേജ് 60- 105 വരെ കാറിമക്ക് 15 സെ മീ കനത്തിൽ 2.8 മീറ്റർ വീതിയിൽ തുടർന്ന് 1:4:8 ഉം 19.125 എം3 കാറിമക്ക് 1:2:4 ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നു. എം ബുക്ക് പ്രകാരം ഈ പ്രവൃത്തി തന്നെയാണ് ചെയ്തത്. കാറിമക്ക് 19.125 ക്യു. മീറ്ററും, 1:4:8- 27.131 ക്യു. മീറ്ററും 1:2:4 – 20.348ക്യു. മീറ്ററും പ്രവൃത്തി ചെയ്തു. കാറിമക്കിനായി എം3 ന് 974 രൂപ നിരക്കിൽ 18,628/- രൂപ ചെലവഴിച്ചു.

വെള്ളക്കെട്ട് ഇല്ലാത്ത ഉയർന്ന പ്രദേശത്ത് കാറിമക്ക് ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിന്റെ ആവശ്യകത വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 11തി 25.02.2016 ന് മറുപടി സമർപ്പിച്ചിട്ടില്ല. കാറിമക്കിനായി ചെലവഴിച്ച 18,628/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3 -6 പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ വിതരണരേഖകൾ ഹാജരാക്കിയില്ല, സബ്സിഡി മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നം. 33/ തീയതി. 25.3.14

പ്രൊജക്റ്റ് നം. 201 പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ എന്ന പദ്ധതിയിലേക്കായി 20,24,991 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് 310 കസേരയും 310 മേശയും യഥാക്രമം 3599/-രൂപയ്ക്കും 1975/- രൂപക്കും(ആകെ 5574/-രൂപ) സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിതരണ രേഖകൾ ഒന്നും ഓഡിററിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സബ്സിഡി മാർഗ്ഗ നിർദ്ദേശ പ്രകാരം മേശക്കും കസേരയ്ക്കും 2013-14ൽ തുക നൽകാൻ വ്യവസ്ഥയില്ല.മേൽപറഞ്ഞ അപാകതകളാൽ ഇതിലേക്കായി ചെലവഴിച്ച 20,24,991/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3 - 7 നടീൽ വസ്തുക്കൾ ടെണ്ടർ നടപടികൾകൂടാതെ കെയ്കോവിൽ നിന്നും വാങ്ങി.

2013-14,2014-15 വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ താഴെ പറയും പ്രകാരം നടീൽ വസ്തുക്കൾ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും വാങ്ങി കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്

| വർഷം | പ്രോജക്റ്റ് നം /പേര് | ഇനം | അളവ് | വില | ഇൻവോയ്സ് നം | തുക | ബിൽനം |
|---|---|---|---|---|---|---|---|
| 2013-14 | S0017/14<br>ഇടവിളകൃഷി വനിത | മഞ്ഞൾ<br>ചേന | 299 കിറ്റ് | 400<br>(ഒരുകിറ്റിന്) | No-Z/KKD/<br>43/583/ | 119600 | 9/25-3-14<br>Rs-71275 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 2013-14<br>തീയ്യതി<br>19-3-14 | | Rs-18425<br>ചെക്ക് നം-TRY-1336488/20-3-14<br>Rs-29900<br>(ഗു.വിഹിതം) |
| 2013-14 | S0172/14<br>വനിതാഗ്രൂപ്പുകൾക്ക് ഇടവിളകൃഷി | മഞ്ഞൾ<br>ചേന | 32 കിറ്റ്<br>2 കിറ്റ് | 1000<br>1600<br>(ഒരുകിറ്റിന്) | No-Z/KKD/<br>43/583/<br>2013-14<br>തീയ്യതി<br>19-3-14 | 35200 | 9/25-3-14<br>Rs-26400<br>Rs-8800<br>(ഗു.വിഹിതം) |
| 2014-15 | S0090/15<br>വാഴകൃഷി വനിത | വാഴകന്ന് | 10279 | 12 | No-Z/446/<br>2014-15/<br>തീയ്യതി<br>24-3-15 | 123348 | 7/30-3-15<br>Rs-92511<br>Rs-30737<br>(ഗു.വിഹിതം) |

നടീൽ വസ്തുക്കൾ ടെണ്ടർ / ക്വട്ടേഷൻ നടപടികളില്ലാതെ വാങ്ങുമ്പോൾ കൃഷിവകുപ്പ് ഫാമുകൾ,കാർഷിക സർവ്വകലാശാല,നാഷണൽ സീഡ് കേർപ്പറേഷൻ ,വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ് .അവിടങ്ങളിൽ ലഭ്യമല്ലെങ്കിൽ ടെണ്ടർ / ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങാവുന്നതാണ്.

എന്നാൽ ഇതിന് വിരുദ്ധമായി 2013-14,2014-15 വർഷങ്ങളിൽ കാർഷിക അനുബന്ധ ഉപകരണങ്ങളുടെ വിതരണ ഏജൻസിയായ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻലിമിറ്റഡിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങിയത്.മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറ്റ് സർക്കാർ ഏജൻസികളിൽ നടീൽ വസ്തുക്കൾ ലഭ്യമല്ലാതിരുന്നതിനാലും പഞ്ചായത്ത് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുപോയതിനാലുമാണ് കെയ്കോവിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങാനിടയായത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷിഓഫീസർ മറുപടി നൽകിയത്. കൂടാതെ കൃഷി വർക്കിഗ് ഗ്രൂപ്പിലും പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിലും നടീൽവസ്തുക്കൾ കെയ്കോ വഴി വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട് .എന്നാൽ പ്രസ്തുത കാലയളവിൽ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നടീൽ വസ്തുക്കൾ ലഭ്യമായിരുന്നില്ല എന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 278148/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3 - 8 ഗുണഭോക്തൃസമിതി മുഖേനയുള്ള നിർമ്മാണ പ്രവൃത്തി - മാർഗരേഖ പാലിക്കുന്നില്ല.

2013-14, 2014-15 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിലെ ചില പ്രവൃത്തികൾ ഗുണഭോക്തൃസമിതി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ 1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ അനുസരിച്ചല്ല മിക്ക പ്രവൃത്തികളും നടത്തിയത്. പ്രധാനപ്പെട്ട രേഖയായ മിനുട്സ് ബുക്ക് പൂർണ്ണമായി എഴുതി തയ്യാറാക്കുന്നില്ല. മസ്റ്റർ റോൾ തയ്യാറാക്കിയതും ശരിയായ രീതിയിലല്ല. കൃത്രിമത്വം കാണാവുന്നതാണ്. മിനുട്സിൽ കമ്മിറ്റി രൂപീകരണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വരവ് ചെലവ് കണക്കുകൾ വിശദമായി രേഖപ്പെടുത്തുന്നില്ല. കോട്ടയിൽതാഴെ ഏരോത്ത് റോഡ് സോളിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട്- കോട്ടയിൽതാഴെ ഏരോത്ത് റോഡ് സോളിംഗ്

പ്രൊജക്ട് നം- 41/15

അടങ്കൽ- 2,40,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ.

കൺവീനർ ശ്രീ ഒ ടി രജീഷ്

കരാർ നം.- 9/14-15 തി. 14.10.2014

ബിൽ നം- 14/15 തി 14.10.2014; 240,000രൂപ

എം ബുക്ക് നം- 97/14-15

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1) മേൽ പറഞ്ഞ പ്രവൃത്തിയിൽ ആധികാരിക രേഖയായ മിനുട്ട് ബുക്കിൽ ആദ്യമായി യോഗം കൂടിയ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. 20.10.2014 ൽ ചേർന്ന യോഗത്തിൽ പ്രവൃത്തി പൂർത്തിയാക്കിയെന്നും ബിൽ തുക വാങ്ങാൻ കൺവീനറെ യോഗം ചുമതലപ്പെടുത്തുകയും ചെയ്തു.

2) കരാർ ചമച്ച തിയ്യതി 14.10.2014 ആണ്. എന്നാൽ മസ്റ്റർ റോൾ പ്രകാരം 2.10.2014 ൽ പണി ആരംഭിക്കുകയും 25.10.2014 ൽ അവസാനിക്കുകയും ചെയ്തു.

3) എം ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചത് 15.10.2014 നും അവസാനിച്ചത് 27.10.2014 നും ആണ്.

4) എം ബുക്ക് പ്രകാരം പ്രവൃത്തി അവസാനിച്ചത് 27.10.2014 ന് ആണ്. എന്നാൽ മിനുട്സിൽ 20.10.2014 ൽ ചേർന്ന യോഗത്തിൽ പ്രവൃത്തി പൂർത്തിയാക്കിയെന്ന് കാണിച്ചിട്ടുണ്ട്.

5) വരവ് ചെലവ് കണക്കുകൾ വിശദമായി രേഖപ്പെടുത്തിയിട്ടില്ല.

ഈ പ്രവൃത്തിയിലെ പല രേഖകളിലും പരസ്പര വിരുദ്ധമായാണ് കാര്യങ്ങൾ രേഖപ്പെടുത്തിയത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 12തിയ്യതി 25.02.2016 ന് മറുപടി സമർപ്പിച്ചിട്ടില്ല. പ്രൊജക്ടിന് ചെലവഴിച്ച 2,40,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3 - 9 ഐ.എ.വൈ. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷങ്ങളിൽ വി.ഇ.ഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ പ്രോജക്ടുകളിൽ ഐ.എ.വൈ വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ബിൽനം.തിയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം | ഡി.ഡി/രശീതി നം | നിർവ്വഹണഉദ്യോഗസ്ഥൻ. |
|---|---|---|---|---|---|
| 1 | 1/2014-15/1.1.15 | 440000/- | 22 | ഡി.ഡിനം.953351.തി.7.1.15 | അസിസ്റ്റന്റ് സെക്രട്ടറി |
| 2 | 2/2014-15/ 16.3.15 | 80000/- | 4 | ഡി.ഡി.നം.955474 | അസിസ്റ്റന്റ് സെക്രട്ടറി |
| 3 | 1/2013-14.31.8.13 | 1007500/- | 50 | ര.നം.11305500016.6.9.13 | വി.ഇ.ഓ. |
| 4 | 1/2014-15.17.7.14 | 682500/- | ലഭ്യമല്ല | ഡി.ഡിനം 865230.18.7.14 | വി.ഇ.ഓ. |
| 5 | 2/14-15 | 420000/- | 25 | ഡി.ഡിനം.865229.18.7.14. | വി.ഇ.ഓ. |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് 17.2.16 ന് നൽകിയ 4ം നമ്പർ എൻകചയറിക്ക് വി.ഇ.ഒ മറുപടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ രണ്ട് വിഹിതത്തിന്റെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. എന്നാൽ ബാക്കിയുള്ള മേൽ കൊടുത്തിരിക്കുന്ന തുകകളുടെ വിനിയോഗസാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണ്,

## 3 - 10 സിഡ്കോ നൽകുന്ന ബിറ്റുമിന്റെ വില- സർക്കാർ ഉത്തരവ് പ്രകാരമുള്ളതാണെന്ന് പരിശോധനയിൽ വ്യക്തമാകുന്നില്ല

2013-14, 2014-15 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ 40,51,331 രൂപയ്ക്ക് ബിറ്റുമിൻ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ജി ഒ (ആർ ടി) 115/2011 തസ്വഭവ തി.12.01.2011 അനുസരിച്ച് പൊതുമേഖല എണ്ണക്കമ്പനികൾ നൽകുന്ന അതേ വിലയിൽ സിഡ്കോ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടാർ വിതരണം ചെയ്യേണ്ടതാണ്. കൂടാതെ ഇറക്കുമതി ചെയ്യുന്ന ടാറിന് മെട്രിക് ടണ്ണിന് 350 രൂപ മുതൽ 450 രൂപ വരെ സിഡ്കോ ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. ടാർ വാങ്ങുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സിഡ്കോ നൽകുന്ന ബില്ലിൽ എണ്ണക്കമ്പനികൾ സിഡ്കോയ്ക്ക് നൽകുന്ന ബില്ലിന്റെ റഫറൻസ് കൂടി കാണിക്കേണ്ടതാണ്.

സിഡ്കോയുടെ ഇൻവോയ്സ് പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ വിവരങ്ങൾ ഇൻവോയ്സിൽ ലഭ്യമാക്കിയിട്ടില്ല. അതിനാൽ സിഡ്കോ ടാർ നൽകിയത് എണ്ണക്കമ്പനികൾ നൽകുന്ന നിരക്കിലാണോ എന്ന് പരിശോധിക്കാൻ കഴിയില്ല.

2013-14, 2014-15 വർഷങ്ങളിൽ സിഡ്കോ വിതരണം ചെയ്ത ടാറിന്റെ വില എണ്ണക്കമ്പനികൾ നൽകുന്ന അതേ നിരക്കാണെന്ന് തെളിയിക്കുന്ന രേഖ സിഡ്കോയിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അധിക നിരക്ക് സിഡ്കോ ഈടാക്കിയിട്ടുണ്ടെങ്കിൽ അവ തിരിച്ചു വാങ്ങേണ്ടതാണ്.

## 3 - 11 ഹോമിയോ മരുന്ന് വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചില്ല.

ഓഡിറ്റ് വർഷങ്ങളിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിലെ ന്യൂനത ചുവടെ ചേർക്കുന്നു

1. പ്രോജക്ട് നം 184/14 (ജനറൽ)

ഫണ്ട് മെയിന്റനൻസ്

ബിൽ നം.തിയ്യതി 1/2013-14/22-10-13

തുക 100000/-(രശീതി നം 5091/15-11-13)മെയിന്റനൻസ് ഗ്രാന്റ്

2. പ്രോജക്ട് നം 91/15 (ജനറൽ)

ബിൽ നം.തിയ്യതി 1/2014-15/15-1-2015.

തുക 150000/- (രശീതി നം 7174/22-1-15)മെയിന്റനൻസ് ഗ്രാന്റ്

സ.ഉ.(എം.എസ്)നം 248/2012. ത.സ്വ.ഭ.വ. തി.29.9.2012 പ്രകാരം ഖണ്ഡിക 7(2)പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പായി വകുപ്പ് മുഖേന മതിയായ അളവിൽ മരുന്ന് ലഭ്യമാകുന്നില്ല എന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങേണ്ടതാണ്. എന്നാൽ എൻ.എ.സി.പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 3-ാം നമ്പർ എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. എൻ.എ.സി. പരിശോധനയ്ക്ക്ഹാജരാക്കേണ്ടതാണ്.

## 3 - 12 ആശ്രയ പദ്ധതി നടത്തിപ്പിലെ അപാകതകൾ :

2013-14,14-15 വർഷങ്ങളിലെ ആശ്രയ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ അംഗീകരിച്ച ആശ്രയ ലിസ്റ്റ് പ്രകാരം 61 അഗതി കുടുംബങ്ങളാണ് ഉള്ളത്. ഓഡിറ്റ് കാലയളവിൽ ഭക്ഷണകിററ് വിതരണം നടത്തിയതല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. ആശ്രയപദ്ധതിപ്രകാരം അഗതികുടുംബങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ട് പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് തയ്യാറാക്കേണ്ടതാണ്. മേൽ പാക്കേജിന്റെ അടിസ്ഥാനത്തിൽ വസ്ത്രം,മരുന്ന്, പെൻഷൻ,പാർപ്പിടം,കുടിവെള്ളം, വിദ്യാഭ്യാസം തുടങ്ങീ മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

2. ആശ്രയ പദ്ധതിയുടെ പൊതുമേൽനോട്ടം വഹിക്കേണ്ട വിലയിരുത്തൽ സമിതികൾ രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പദ്ധതി പ്രവർത്തനം വിലയിരുത്തേണ്ടതാണ്. എന്നാൽ 13-14,14-15 വർഷങ്ങളിൽ ആകെ മൂന്ന് യോഗങ്ങൾ മാത്രമാണ് ചേർന്നത്.

3. ചാലഞ്ച് ഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കിയിട്ടില്ല.

25.8.2006 ന് പദ്ധതി നടത്തിപ്പിനായി ലഭിച്ച പത്ത് ലക്ഷം രൂപയിൽ 5 ലക്ഷം രൂപ കുടുംബശ്രീ ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലും 5 ലക്ഷം രൂപ ആശ്രയ അക്കൗണ്ടുള്ള കെഡിസി ബാങ്കിലുമാണ് നിക്ഷേപിച്ചിരുന്നത്. ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലുള്ള ബാലൻസ് തുകയുടെ പലിശസഹിതമുള്ള നീക്കിയിരിപ്പ് കണക്കാക്കി ചാലഞ്ച് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 22.2.16 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടുണ്ട്. മറുപടി പ്രകാരം വിലയിരുത്തൽ സമിതി യോഗങ്ങൾ കൃത്യസമയത്ത് നടത്തുന്നതാണെന്നും നിലവിൽ ആശ്രയ അക്കൗണ്ടുള്ള കെ.ഡി.സി.ബാങ്കിലേക്ക് എത്രയും പെട്ടെന്ന് ഗ്രാമീണ ബാങ്കിൽ ബാലൻസുള്ള ചലഞ്ച് ഫണ്ട്

അടവാക്കുമെന്നും വ്യക്തമാക്കുന്നു. ഗ്രാമീണ ബാങ്കിലുള്ള ബാലൻസ് തുക ചലഞ്ച് ഫണ്ട് നിലവിലുള്ള കെ.ഡി.സി.ബാങ്കിലേക്ക് മാറ്റേണ്ടതും വിലയിരുത്തൽ സമിതി വിളിച്ചു ചേർത്ത് അപാകതകൾ പരിഹരിക്കുന്നതിന് എടുത്ത തീരുമാനങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3 - 13 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2013-14 വർഷം

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 3277 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 2013-14 വർഷം 500 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കത്തക്ക വിധത്തിൽ 143757 തൊഴിൽദിനങ്ങളിൽ നിന്നായി 2,93,40,000 രൂപ ചെലവുള്ള പ്രവൃത്തികളാണ് ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. സാമ്പത്തിക വർഷം 220 പ്രവൃത്തികളിൽ നിന്നായി 91228 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 306 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകാൻ കഴിഞ്ഞതിൽ മൊത്തം ചെലവായ 1,77,15,387 രൂപയിൽ 1,69,90,539 രൂപ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തൻവർഷം നിർവ്വഹണം ചെയ്ത പ്രവൃത്തികൾ താഴെ പറയും പ്രകാരമാണ്.

| ക്രമനം | പ്രവൃത്തികളുടെ ഇനം | എണ്ണം | ചെലവ് |
|---|---|---|---|
| 1 | മഴകുഴിനിർമ്മാണം | 23 | 622152 |
| 2 | കനാൽ നവീകരണം | 10 | 485666 |
| 3 | മണ്ണ് ജലസംരക്ഷണപ്രവൃത്തികൾ (ലാന്റ് ഡെവലപ്പ്മെന്റ്) | 139 | 12829622 |
| 4 | മണ്ണ്ജലസംരക്ഷണപ്രവൃത്തികൾ (വാട്ടർ കൺസർവേഷൻ) | 47 | 3006403 |

| | | | |
|---|---|---|---|
| 5 | തോട് നവീകരണം | 1 | 46696 |

തൊഴിലുറപ്പ് നിയമങ്ങൾ പ്രകാരം നിശ്ചിത സമയത്തിനകം തന്നെ കൂലി തൊഴിലാളികൾക്ക് നൽകണമെന്നിരിക്കെ തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ തൊഴിൽ കൂലിയിനത്തലുള്ള തുക തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിൽ ആറുമാസം വരെ കാലതാമസമുണ്ടായിട്ടുണ്ട്. കൂലിയിനത്തിലുള്ള 8937900/-രൂപ ഇങ്ങനെ വൈകിയാണ് ലഭിച്ചിട്ടുള്ളത് .ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ബിൽ തുക | പ്രവൃത്തി പൂർത്തീകരിച്ചത് | ഡാറ്റാ എൻട്രി ചെയ്തത് | തുക പ്രോസസ് ചെയ്തത് |
|---|---|---|---|---|---|---|
| 1 | ഭൂവികസനം മണ്ണെടുക്കൽ ഒന്നാം ഘട്ടം | 140000 | 132174 | 7-1-2014 | 23-1-2014 | 27-6-2014 |
| 2 | നീർത്തടമാസ്റ്റർ പ്ലാൻപ്രകാരം മണ്ണ് ജലസംരക്ഷണപ്രവൃത്തികൾ-7ാം ഘട്ടം ,വാർഡ്-17 | 71000 | 66818 | 11-12-13 | 1-1-14 | 29-4-14 |
| 3 | നീർത്തടമാസ്റ്റർ പ്ലാൻപ്രകാരം മണ്ണ് ജലസംരക്ഷണപ്രവൃത്തികൾ മൂന്നാം ഘട്ടം,വാർഡ്-15 | 71000 | 66881 | 22-11-13 | 19-12-11 | 29-4-14 |
| 4 | നീർത്തടമാസ്റ്റർ പ്ലാൻപ്രകാരം മണ്ണ് ജലസംരക്ഷണപ്രവൃത്തികൾ രണ്ടാംഘട്ടം,വാർഡ്-10 | 71000 | 66808 | 4-12-13 | 19-12-13 | 26-4-14 |
| 5 | നീർത്തടമാസ്റ്റർ പ്ലാൻപ്രകാരം മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, വാർഡ്-13 | 71000 | 66848 | 28-11-13 | 26-12-13 | 29-4-14 |

| | | | | | | |
|---|---|---|---|---|---|---|
| 7 | നീർത്തടമാസ്റ്റർ പ്ലാൻപ്രകാരം മണ്ണ് ജലസംരക്ഷണപ്രവൃത്തികൾ രണ്ടാംഘട്ടം, വാർഡ്-5 | 71000 | 66598 | 16-11-13 | 21-12-13 | 26-4-14 |
| 8 | നീർത്തടമാസ്റ്റർ പ്ലാൻപ്രകാരം മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ രണ്ടാംഘട്ടം , വാർഡ്-2 | 71000 | 66878 | 15-11-13 | 7-12-13 | 23-4-14 |

പ്രവൃത്തി പൂർത്തീകരിച്ച് നിശ്ചിത ദിവസങ്ങൾക്കകം തന്നെ തൊഴിലാളികളുടെ കൂലി നൽകാൻ കഴിയാത്തത് തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുള്ള പരാജയമായി കണക്കാക്കപ്പെടുന്നതാണ്.

2014-15 വർഷം

2014-15 വർഷം ലേബർ ബഡ്ജറ്റിൽ 2520 കുടുംബങ്ങൾക്കായി 97909 തൊഴിൽദിനങ്ങളിൽ നിന്നായി 24908000 രൂപചെലവും 600കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനായും ലക്ഷ്യമിട്ടു. തൻവർഷം ഏറ്റെടുത്ത 222 പ്രവൃത്തികളിൽ നിന്നായി 442 കുടുംബങ്ങൾക്കായി 54747 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും 1,18,50,186 രൂപ കൂലിയിനത്തിൽ ചെലവഴിക്കാനുമേ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. ഇതിൽ 71 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലേബർ ബഡ്ജറ്റ് പ്രകാരമുള്ള തൊഴിൽദിനങ്ങളിൽ ഏതാണ്ട് പകുതിയോളം മാത്രമാണ് ഏറ്റെടുത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു

| ക്രമനം | പ്രവൃത്തി | എണ്ണം | ചെലവ് |
|---|---|---|---|
| 1 | തടയണ നിർമ്മാണം | 54 | 3255082 |
| 2 | കനാൽ നവീകരണം | 12 | 579554 |
| | | | |

| | | | |
|---|---|---|---|
| 3 | എസ്.സി.കോളനികളുടെ സമഗ്ര വികസനത്തിന് ആവശ്യമായ പ്രവൃത്തികൾ | 1 | 48818 |
| 4 | ബണ്ട് നിർമ്മാണവും മഴക്കുഴി നിർമ്മാണവും | 94 | 4911996 |
| 5 | റോഡ് നിർമ്മാണവും നവീകരണവും | 4 | 216173 |
| 6 | റൂറൽ സാനിട്ടേഷൻ | 2 | 71080 |
| 7 | ബണ്ട് നിർമ്മാണവും മഴകുഴിനിർമ്മാണവും | 47 | 2343803 |
| 8 | തോട് നവീകരണം | 8 | 423680 |

തൻ വർഷം 'ശ്രദ്ധ കാമ്പയിന്റെ" ഭാഗമായി ഇരുപത്തിയേഴ് പട്ടികജാതി കോളനികളിലെയും ഒറ്റപ്പെട്ട പട്ടികജാതി കുടുംബങ്ങളിലേതുമായി 960 പ്രവൃത്തികൾ കണ്ടെത്തുകയും അതിൽ 68 പ്രവൃത്തികൾ പൂർത്തീകരിക്കാനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2013-14 | 70000 | നെൽകൃഷി വികസനം | 70000 | - |
| | | 300000 | ചമ്മിൽ മീത്തൽ കോളനി റോഡ് | 300000 | - |
| | | 200000 | പെയിൻ ആന്റ് പാലിയേറ്റീവ് | 51840 | 148160 |
| ജില്ലാപഞ്ചായത്ത് | | 53200 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിയുന്നവർക്ക് സ്കോളർഷിപ്പ് | 53200 | |

| | | | | | |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2014-15 | 200000 | കോതങ്കൽ കണ്ണിപൊയിൽ റോഡ് | 200000 | |
| | | 200000 | പെയിൻ ആന്റ് പാലിയേറ്റീവ് | 110841 | 89159 |
| | | 50000 | കാറ്റിൽഫീഡ് | 50000 | |
| | | 13500 | സമഗ്ര നെൽകൃഷി വികസനം | 13500 | |
| | | 66500 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിയുന്നവർക്ക് സ്കോളർഷിപ്പ് | 66500 | |
| ജില്ലാപഞ്ചായത്ത് | | 66500 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 66500 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2014-15 ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 1,12,500/-രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | രാജേഷ്.കെ.പി | കൊടശ്ശേരി അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം | ലഭ്യമല്ല | 37500 | ----- | 37500 |
| 2 | അശോകൻ | ചാത്തോത്ത്കണ്ടി മാണിക്കോത്ത്മീത്തൽ റോഡ് | “ | 75000 | ----- | 75000 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷം | വായ്പ തുക തൻവർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം എസ് ഭവനപദ്ധതി | ജി.ഒ.(എംഎസ്)നം-207/2009 എൽ.എസ്.ജി.ഡി തീയ്യതി-7-11-2009 | 2013-14 | 222500 | 5392700 | 1551570 | | 4063630 |
| | | 2014-15 | 182500 | 4063630 | 1551570 | | 2694560 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2013-14 | 2014-15 |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1025000 | 1125040 |
| തൻവർഷം നിക്ഷേപിച്ച തുക | 100040 | 157653 |
| ആകെ | 1125040 | 1282693 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല | 588677 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1125040 | 694016 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| കെഡി.സി.ബേങ്ക്.അത്തോളി നം. 20006മുതൽ20010 വരെ | 665360 |
| കെഡി.സി.ബേങ്ക്.അത്തോളിനം20031 | 28656 |
| ആകെ | 694016 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2013-14വർഷം ലഭിച്ച 41,717രൂപയുടെ യും,2014-15 വർഷം ലഭിച്ച 14,300/- രൂപയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-12 | 41122 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | രസീത് നം-11303500008 തീയ്യതി-30-7-13 |
| 2012-13 ഓഡിറ്റ് സമയത്ത് ചൂണ്ടികാണിച്ച അപാകത പ്രകാരം അടവാക്കിയത് ഉദ്യോഗസ്ഥർ അടവാക്കിയത് | | 57<br>78<br>460 | ഷീജ<br>മഞ്ജു,ഷീജ<br>പ്രകാശൻ | രസീതിനം-11303104576 തീയ്യതി-15-1-2014<br>രസീതി നം-11307800001 തീയ്യതി-23-1-2014<br>രസീതി നം-11307800002 തീയ്യതി-27-1-2014 |
| 2002-03 | 3-26 | 4487 | സുഗുണൻ | രസീത് നം-11403101141 |

| | | | | |
|---|---|---|---|---|
| | | 3442<br>4445 | കോൺട്രാക്ട്<br>ടി.കെ .അനിൽകുമാർ | 11403101151<br>11403101116<br>തീയ്യതി- 28-8-2014 |
| 2011-12 | | 1926 | അസിസ്റ്റന്റ് എഞ്ചിനീയർ | രസീത് നം-11403104409<br>തീയ്യതി- 8-1-2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- ◌ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | - | 2004-05 | 3 | നികുതി പിരിവിൽ അലംഭാവം പൊതുപരാമർശം |
| 2002-03 | 26 | 2005-06 | 70 (1) | സാങ്കേതിക നിർദ്ദേശം മരാമത്ത് പ്രവൃത്തികളിൽ ലക്ഷ്യങ്ങളുടെ നഷ്ടം |
| 2004-05 | 2-2 | 2006-07 | 3-79 (1) | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, |

| | | | | |
|---|---|---|---|---|
| | | | | തൊഴിൽനികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. (പൊതു പരാമർശം) |
| 2004-05 | 2-4 | 2006- 07 | 3-79(3) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79(4) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79(16) | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2004-05 | 3-2 | 2006-07 | 3-79(18) | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല/ ഉപേക്ഷിച്ചു |
| 2004-05 | 3-12 | 2006-07 | 3-79(19) | മരാമത്ത് പ്രവൃത്തികൾ, നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം |

# 4-8. ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2013-14 | 2014-15 |
| | 86001492 | 90156821 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69502787 | 67573463 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :84810 | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2198419 | 363348 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | | സർചാർജ് ചെയ്യാവുന്നവ | | |
| | 2013-14 | 2014-15 | 2013-14 | 2014-15 | |
| 3-1 | | | 35850 | ഇല്ല | സജീവ് എസ്.ബി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)<br>സൂരജ്.പി.ജി.(അസിസ്റ്റന്റ് എഞ്ചിനീയർ) |
| 3-2 | | | 4309 | “ | സൂരജ്.പി.ജി.(അസിസ്റ്റന്റ് എഞ്ചിനീയർ) |

| | | | | | |
|---|---|---|---|---|---|
| 3-3 | | | 25712 | “ | സൂരജ്.പി.ജി.(അസിസ്റ്റന്റ് എഞ്ചിനീയർ) |
| 3-4 | | | 18939 | “ | 1)ശ്രീ.കെ.പി.ബാലൻ.(സെക്രട്ടറി) |
| | | | | | 2)ശ്രീ.മോഹനൻ പി. ,സെക്രട്ടറി |
| | | | | | 3)ശ്രീമതി. സത്യഭാമ പി.വി, ഹെഡ് ക്ലാർക്ക് |
| | | | | | 4)ശ്രീമതി.പ്രസന്നകുമാരി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| | | | | | 5)ശ്രീ.പ്രകാശൻ എൻ.എൻ, സെക്ഷൻ ക്ലാർക്ക് |
| | | | | | 6)ശ്രീമതി.മിനി എ.പി, അക്കൗണ്ടന്റ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | വർഷം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-5 | 2013-14 | 18628 | ശ്രീ.സൂരജ്.പി.ജി.(അസിസ്റ്റന്റ് എഞ്ചിനീയർ) |
| 3-6 | 2013-14 | 2024991 | ശ്രീ.കെ.പി.ബാലൻ.(സെക്രട്ടറി) |
| 3-7 | 13-14,14-15 | 278148 | ശ്രീമതി.ബിന്ദു.ആർ.(കൃഷി ഓഫീസർ) |

| | | | |
|---|---|---|---|
| 3-8 | 2014-15 | 240000 | ശ്രീ.സൂരജ്.പി.ജി.((അസിസ്റ്റന്റ് എഞ്ചിനീയർ)) |
| | | 2561767 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സൂരജ്.പി.ജി.(എ.ഇ) | അസിസ്റ്റന്റ് എഞ്ചിനീയർ അത്തോളി ഗ്രാമപഞ്ചായത്ത് | സ്വപ്ന,വേങ്ങേരി.(പി.ഒ.) കോഴിക്കോട് ജില്ല 673010 |
| ശ്രീ.കെ.പി.ബാലൻ.(സെക്രട്ടറി) | സെക്രട്ടറി.കൂരാച്ചുണ്ട്.ഗ്രാമപഞ്ചായത്ത് | അഞ്ജലി.ഒറവിൽ.(പി.ഒ) |
| ശ്രീ.മോഹനൻ.പി സെക്രട്ടറി | റിട്ടയേർഡ് | ജസീന മൻസിൽ അന്നശ്ശേരി പി.ഒ. തലക്കുളത്തൂർ |
| ശ്രീമതി.സത്യഭാമ പി.വി, ഹെഡ് ക്ലാർക്ക് | അസിസ്റ്റന്റ് സെക്രട്ടറി.അത്തോളി ഗ്രാമപഞ്ചായത്ത് | തെരുപറമ്പിൽ, അശ്വതി, കൊയിലാണ്ടി |

| | | |
|---|---|---|
| ശ്രീമതി.പ്രസന്നകുമാരി കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തിക്കോടി | സ്വസ്തിക് പി.കെ.സി.റോഡ് വെസ്റ്റ് ഹിൽ |
| ശ്രീമതി.മിനി.എ.പി, അക്കൗണ്ടന്റ് | അക്കൗണ്ടന്റ്, അത്തോളി ഗ്രാമപഞ്ചായത്ത് | നാദം, തിരുത്തിവയൽ നടക്കാവ് പി.ഒ. |
| ശ്രീ.പ്രകാശൻ എൻ.കെ ഹെഡ് ക്ലാർക്ക് | യു.ഡി.ക്ലാർക്ക്, മലവട്ടം പഞ്ചായത്ത്, കണ്ണൂർ | ഒതയോത്ത് താഴെ എടക്കുളം, കൊയിലാണ്ടി |
| ശ്രീ.സജീവ് എസ്.ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | റിട്ടയേർഡ് | ‘ശ്രീരാഗം’ കോട്ടപ്പുറം പരവൂർ കൊല്ലം-691301 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.11571/08തി03.12.08 | 2 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി1. 1572/08തി.03.12.08 | 8 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1. 1573/08തി03.12.08 | 6 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1. 1574/08.തി.03.12.08 | 12 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1. 1253/08തി.05.12.08. | 8 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്1/1150/07തി. 19.12.07 | 11 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.എസ്2/1446/07തി10.03.08. | 12 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1. 1175/09തി03.11.09 | 30 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10. 1304/10തി.04.11.2011 | 33 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13.466/13(1)തി.08.04.2013 | 17 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി13.467/13തി.11.02.13 | 17 | |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/205/14.തി.7.6.2014 | 23 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്